**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-571**
**19/03/2013 ലെ മറുപടിക്ക്**

**മണ്ഡലം ആസ്തി വികസന ഫണ്ട്**

**ചോദ്യം** **ഉത്തരം**

**ശ്രീ.പി.റ്റി..എ.റഹീം** **ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാരിൻെറ കഴിഞ്ഞ ബഡ്ജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിനും 25 കോടി വീതം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ? | ഒരു വർഷം മൊത്തം അഞ്ചു കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കത്തക്ക വിധവും അഞ്ചു വർഷം കൊണ്ട് മൊത്തം 25 കോടി രൂപയുടെ മേജർ വർക്കുകൾ ഓരോ നിയോജകമണ്ഡലത്തിനും ഏറ്റെടുക്കാനാവുന്നവിധവുമാണ് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ, ഇതുവരെയായി ബഡ്ജറ്റിൽ ഈ ഇനത്തിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ട്? | ഈ ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആകെ 705 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| (സി) | 2013 മാർച്ച് 1-ാം തീയതിയിലേക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്? | 2013 മാർച്ച് 1-ാം തീയതി വരെ 368 കോടി രൂപയുടെ 467 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 350 ഓളം പ്രവൃത്തികൾക്ക് ഇതിനകം ഭരണവകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിൻെറ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ യഥാക്രമം 3 ഉം, 148 ഉം, 176 ഉം, 7 ഉം പ്രവർത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**